അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി

195(896) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 475 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) എന്തൊക്കെ നടപടിക്രമങ്ങളാണ് പണി ആരംഭിക്കുന്നതിനായി പൂർത്തീകരിക്കേണ്ടതായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസ് സ്വീകരിക്കാനുള്ള അവസാന തീയതി 14-10-2015 ആയി ദർഘാസ് ക്ഷണിച്ചു 19-10-2015-ൽ തുറന്നു. അതിൽ 4 പേർ പങ്കെടുത്തിട്ടുണ്ട്. ടി ദർഘാസുകൾ ഇപ്പോൾ പരിശോധനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 26-12-2014-ന് ഭരണാനുമതി ലഭിച്ചുവെങ്കിലും സി.പി.ഡബ്ല്യു.ഡി. റേറ്റ് കേരള വാട്ടർ അതോറിറ്റിയിലും നിലവിൽ വന്നതിനാൽ ടി എസ്റ്റിമേറ്റ് ഡി.എസ്.ആർ പ്രകാരം പുതുക്കി വരികയായിരുന്നു. എന്നാൽ 4-7-2015-ലെ ഉത്തരവ് പ്രകാരം 1-4-2015-ന് മുമ്പ് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്.ഒ.ആർ. 2012 പ്രകാരമുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുവാൻ ഉത്തരവാകുകയുണ്ടായി. അതുപ്രകാരം മേൽ പ്രവൃത്തിക്ക് 10-8-2015-ൽ ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുകയും ചെയ്തു. 14-10-2015 ടെണ്ടർ സ്വീകരിക്കാനുള്ള അവസാന തീയതിയായി ടി പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചു. ലഭിച്ച ടെണ്ടറുകൾ ഇപ്പോൾ പരിശോധനയിലാണ്.

(സി) ദർഘാസ് അംഗീകാരം നൽകിയാലുടൻ കരാറുകാരന് സെലക്ഷൻ നോട്ടീസ് കൊടുത്ത് തെരഞ്ഞെടുക്കൽ വിവരം അറിയിക്കുകയും തുടർന്ന് ഏർപ്പെടുന്നതിന് നിലവിലെ നിയമപ്രകാരം 20 ദിവസം അനുവദിക്കുന്നതുമാണ്. കരാർ വച്ചുകഴിഞ്ഞാൽ കരാറുകാരൻ പൈപ്പുകൾ ലഭ്യമാക്കുന്ന മുറയ്ക്കും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള റോഡുകൾ കുഴിക്കാനുള്ള അനുമതി ബന്ധപ്പെട്ട അധികാരികളിൽനിന്നും ലഭിക്കുന്ന മുറയ്ക്കും ടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly